# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -613 30.06.2016 ൽ മറുപടിയ്ക്ക്

**ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്:** | **ശ്രീ.മാത്യു.ടി.തോമസ്** (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് നഗരത്തിലെയും പ്രാന്ത പ്രദേശങ്ങളിലെയും ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കാനുദ്ദേശിച്ച് നിർമ്മാണം ആരംഭിച്ച ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെടാനുള്ള കാരണമെന്താണ്; | (എ) ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി 2005 ൽ ആരംഭിക്കുകയും പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ സൈറ്റ് കണ്ടീഷൻ അനുസരിച്ച് പ്രവൃത്തിയിൽ മാറ്റം അനിവാര്യമായി വരികയും ചെയ്തു. എന്നാൽ അത് പ്രകാരം പ്രവൃത്തി ഏറ്റെടുത്ത് ചെയ്യാൻ ആദ്യം പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ തയ്യാറാവാതെ വന്നതിനാൽ അദ്ദേഹത്തെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുകയും എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി വീണ്ടും റീടെണ്ടർ ചെയ്യുകയും ശ്രീ.മൊയ്തീൻകുട്ടി ഹാജി എന്ന കരാറുകാരൻ 82% അധികനിരക്കിൽ 2012 ൽ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ബാക്കി പ്രവൃത്തി പുരോഗമിക്കുമ്പോൾ പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതായി കാണുകയും നിലവിലെ ഡിസൈൻ അപ്രായോഗികമായി വരികയും എസ്റ്റിമേറ്റ് വീണ്ടും പുതുക്കുകയും ചെയ്തു. എന്നാൽ എക്സ്ട്രാ ഐറ്റത്തിനും കരാറുകാരൻ അധിക നിരക്ക് ആവശ്യപ്പെട്ടതിനാൽ അദ്ദേഹത്തെയും നിരുപാധികം കരാർ വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. പദ്ധതി ഉപേക്ഷിച്ചിട്ടില്ല |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ആരംഭം മുതൽ എത്ര കരാറുകാർ ഇതിന്റെ പ്രവൃത്തി ഏറ്റെടുത്ത് ഉപേക്ഷിച്ച് പോയിട്ടുണ്ട്; | (ബി) | ഈ പ്രവൃത്തി 2 കരാറുകാർ ഏറ്റെടുത്ത് ഉപേക്ഷിച്ച് പോയിട്ടുണ്ട്. |
| (സി) | കരാറുകാർ ഓരോരുത്തരും ചെയ്ത പ്രവൃത്തിയും, കൈപ്പറ്റിയ തുകയും, പേരുവിവരം സഹിതം നൽകുമോ; | (സി) | ആദ്യ കരാറുകാരനായ ശ്രീ.എം.എം.എ ഹാരിസ് റൈറ്റ് അബട്ട്മെന്റ്, 25 മീറ്റർ ആപ്രൺ, മെയിൻ പിയർസ് (റൈറ്റ്) പാർട്ട്, ബോഡി വാൾ 5 മീറ്റർ, കട്ട് ഓഫ് പൈൽസ് എന്നിവ പണിതിട്ടുണ്ട്. ഇതിലേക്കായി 277.42 ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്. രണ്ടാമത്തെ കരാറുകാരൻ caisson well, cutoff wall, apron 53m, body wall for half portion, short piers (25 എണ്ണം) ഇവ പണിതിട്ടുണ്ട്. ഇതിലേക്കായി 164.83 ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയുടെ മൊത്തം കരാർ തുക എത്ര; പദ്ധതിയുടെ എത്ര ശതമാനം ജോലികൾ പൂർത്തിയായിട്ടുണ്ട്; ബാക്കി പണി പൂർത്തിയാക്കാൻ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഡി) | ഈ പദ്ധതിയുടെ പുതുക്കിയ മൊത്തം എസ്റ്റിമേറ്റ് തുക 12,83,19,700/- രൂപയാണ്. മൊത്തം മുപ്പത് ശതമാനത്തിനടുത്ത് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അടിത്തട്ട് ക്രമാതീതമായി താഴ്ന്നത് മൂലം നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**